ഉത്തരം

(എ) 1-10-1981-ൽ

(ബി) താഴെ പറയുന്ന പദ്ധതികളും കോർപ്പറേഷൻ മുഖേന നടപ്പാക്കിവരുന്നു.

(1) അവശത അനുഭവിക്കുന്ന ആർട്ടിസാൻസിനെ ഗ്രൂപ്പുകളായി സംഘടിപ്പിച്ച് അവരുടേതായ പ്രാഥമിക ഉൽപ്പാദന കേന്ദ്രങ്ങളും ആരംഭിക്കാൻവേണ്ട സാങ്കേതിക സാമ്പത്തിക സഹായം ലഭ്യമാക്കുക.

(2) ആർട്ടിസാൻസ് സ്വന്തം വീടുകളോടനുബന്ധിച്ച് നടത്തുന്ന ചെറുകിട സ്ഥാപനങ്ങൾക്ക് കോം ബോസിറ്റ് ടേം ലോൺ അനുസരിച്ചുള്ള ബാങ്ക് വായ്പ ലഭ്യമാക്കുകയും യൂണിറ്റുകളുടെ പ്രവർത്തനം മോണിട്ടർ ചെയ്തു നടപ്പിലാക്കുകയും ചെയ്യുക.

(3) കോർപ്പറേഷൻമൂലം ലഭിക്കേണ്ട ആനുകൂല്യങ്ങളും യഥാർത്ഥത്തിൽ കോർപ്പറേഷന്റെ പരിധിയിൽ വരുന്ന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുമാത്രം ലഭ്യമാകത്തക്ക വിധത്തിൽ ഗുണഭോക്താക്കളെ കണ്ടുപിടിക്കാൻവേണ്ടി തൊഴിലാളികളെ കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്യിക്കുന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുക. ഇതുപ്രകാരം 75,000 തൊഴിലാളികളും രജിസ്ട്രേഷനു അപേക്ഷിച്ചിട്ടുണ്ട്.

(4) ഇതിനുപുറമേ കോർപ്പറേഷന്റെ പരിധിയിൽ വരുന്ന തൊഴിലാളികളും ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് വിപണി കണ്ടെത്താനും സാധാരണക്കാർക്ക് തവണ വ്യവസ്ഥയിൽ അവ സ്വായത്തമാക്കത്തക്ക വിധത്തിൽ ഒരു "സപ്ലൈസ് ആൻറ് സർവ്വീസസ് സ്കീം" നടപ്പാക്കാനും പുരാതന ശാസ്ത്രഗ്രന്ഥങ്ങൾ ശേഖരിച്ച് "പ്രീ-പബ്ലിക്കേഷൻ" വ്യവസ്ഥയിൽ പ്രസിദ്ധീകരിക്കാനും കോർപ്പറേഷനു പരിപാടിയുണ്ട്.

സാമൂഹ്യ വനവൽക്കരണ പദ്ധതിയനുസരിച്ചു ചെലവഴിച്ച തുക

1634. [2453] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യവനവൽക്കരണ പദ്ധതിയനുസരിച്ച് 1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ എത്ര വൃക്ഷതൈകളും വച്ചുപിടിപ്പിച്ചിട്ടുണ്ട് ;

(ബി) ഇതിനുവേണ്ടി ചെലവഴിച്ച തുക എത്ര ;

(സി) നട്ടുപിടിപ്പിച്ച വൃക്ഷതൈകളിൽ എത്രയെണ്ണം ഇപ്പോൾ നിലവിലുണ്ട് ?

ഉത്തരം

(എ) വിതരണം ചെയ്ത തൈകളും ഉൾപ്പെടെ ഓരോ വർഷവും നട്ട തൈകളുടെ കണക്ക് താഴെ വിവരിക്കുന്നു :

1982-83—619.49 ലക്ഷം
1983-84—658.77 ,,
1984-85—770.787 ,,
1985-86—116.927 ,,

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആകെ 2086.856 ലക്ഷം രൂപ.

(സി) സ്വകാര്യ വ്യക്തികൾക്ക് 1982-83, 1983-84, 1984-85 എന്നീ വർഷങ്ങളിൽ വിതരണം ചെയ്ത തൈകളിൽ ശരാശരി 38 മുതൽ 48 ശതമാനം വരെയും സർക്കാർ വക തോട്ടങ്ങളിൽ 1982 മുതൽ 1984 വരെയുള്ള വർഷങ്ങളിൽ നട്ടുപിടിപ്പിച്ചവയിൽ ശരാശരി 73 ശതമാനവും തൈകൾ അതിജീവിച്ചിട്ടുണ്ട്. 1985-ൽ വിതരണം ചെയ്ത തൈകളുടെ അതിജീവന ശതമാനം തിട്ടപ്പെടുത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

വനത്തിൽനിന്നുള്ള വരുമാനം

1635. [2454] ശ്രീമതി പി. വേലായുധി : താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1980-81 മുതൽ 1986 ഒക്ടോബർ മാസം 31 വരെ ഓരോ വർഷവും വനത്തിൽ നിന്നുള്ള വരുമാനം എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

1980-81-ൽ	4572.87	ലക്ഷം രൂപ
1981-82-ൽ	5191.23	,,
1982-83-ൽ	4964.13	,,
1983-84-ൽ	4074.61	,,
1984-85-ൽ	3391.64	,,
1985-86-ൽ	4254.43	,,
1986-87 മുതൽ 30-9-1986 വരെ	2649.46	,,

1986 ഒക്ടോബർ മാസത്തെ സ്ഥിതിവിവര കണക്കുകൾ തയ്യാറായിട്ടില്ല.

വനം കയ്യേറ്റത്തെപ്പറ്റിയുള്ള ഹൈക്കോടതിയുടെ പരാമർശം

1636. [2455] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കാനം രാജേന്ദ്രൻ :
,, പി. കുമാരൻ :
,, കെ. ടി. കുമാരൻ :
,, കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വനം കയ്യേറ്റക്കാരിൽനിന്നും വനഭൂമി രക്ഷിക്കാൻ വനം വകുപ്പ് നടത്തുന്ന ശ്രമങ്ങളെ റവന്യൂ ഉദ്യോഗസ്ഥൻമാർ എതിർക്കുകയാണെന്നുള്ള കേരള ഹൈക്കോടതിയുടെ പരാമർശം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

ഇക്കാര്യത്തിൽ പത്രങ്ങളിൽ ചില പരാമർശങ്ങൾ കണ്ടതല്ലാതെ ഔദ്യോഗികമായി വിവരം കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly